**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** **10-06-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന തീരദേശ ഹൈവേകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ 9 ജില്ലകളിലൂടെ കടന്നു പോകുന്ന തീരദേശ ഹൈവേയുടെ മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15. കീ.മി പ്രവൃത്തിയുടെ 46% വും പൂർത്തീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തന്നെ താനൂർ-മുഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള 3.85 കീ.മി പ്രവൃത്തിയുടെ 5% വും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | അടിക്കടിയുണ്ടാകുന്ന കടൽക്ഷോഭം ചെറുക്കാൻ കഴിയുന്ന സാങ്കേതികവിദ്യയാണോ തീരദേശ ഹൈവേ നിർമ്മാണത്തിന് അവലംബിച്ചിരിക്കുന്നത്; വിശദമാക്കാമോ; | (ബി) | നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന തീരദേശ ഹൈവേയുടെ ഭാഗങ്ങളിൽ കടൽക്ഷോഭം ബാധിക്കുന്നില്ല. കടൽ തീരത്തിന് അടുത്ത് കൂടി കടന്നു പോകുന്ന ഇടങ്ങളിൽ കടൽക്ഷോഭം ചെറുക്കാനുള്ള സാങ്കേതിക വിദ്യ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. |
| (സി) | തീരദേശ ഹൈവേയുടെ ഭാഗമായി നിർമ്മാണത്തിലിരുന്ന ഏതെങ്കിലും റോഡുകൾ ഇതിനോടകം കടൽക്ഷോഭം കാരണം തകർന്നിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഇല്ല |
| (ഡി) | ഇതിനകം കിഫ്ബിയിൽ സമർപ്പിച്ച എത്ര റീച്ചുകൾക്ക് അംഗീകാരം ലഭിച്ചു; ഇതിൽ എത്ര കിലോമീറ്റർ റോഡിന്റെ പണി പൂർത്തിയായി; വിശദാംശം വെളിപ്പെടുത്താമോ? | (ഡി) | ചുവടെപ്പറയുന്ന നാല് റീച്ചുകൾക്ക് സാമ്പത്തികാംഗീകാരം ലഭിച്ചു. 1. പടിഞ്ഞേറേക്കര മുതൽ ഉണ്ണിയാൽ വരെയുള്ള 15 കീ.മി. തുക - 52.78 കോടി രൂപ 2. താനൂർ-മുഹിയുദ്ദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെയുള്ള 3.85 കീ.മി, തുക - 26 കോടി രൂപ 3. കോഴിക്കോട് ജില്ലയിലെ കൊടിക്കൽ-കൊള്ളവി പാലം വരെയുള്ള 7.8 കി.മീ, തുക - 64.4 കോടി രൂപ 4. കണ്ണൂർ ജില്ലയിലെ പാലക്കോട് മുതൽ കുന്നരുസിറ്റി വരെയുള്ള പാത- 4.6 കി.മീ, തുക – 34.71 കോടി രൂപ മേൽ സൂചിപ്പിച്ച 1, 2 റീച്ചുകളുടെ പ്രവർത്തികൾ നിർമ്മാണ ഘട്ടത്തിലാണ്. 2, 3 |

| | | | |
|---|---|---|---|
| | | | റീച്ചുകളുടെ സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ